**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2598** **24-06-2024 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കയർ മേഖലയിൽ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ ഫലമായി കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 2023-24 -ൽ 10.05 കോടി രൂപയുടെ ഉല്പന്നങ്ങളും 2024-25 -ൽ നാളിതുവരെ 1.50 കോടി രൂപയുടെ കയറുല്പന്നങ്ങളും കേരള സംസ്ഥാന കയർ കോർപ്പറേഷന് കയറ്റുമതി ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | കയറുല്പന്നങ്ങൾ രാജ്യാന്തര ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ വിപണനം നടത്തുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേരള സംസ്ഥാന കയർ കോർപ്പറേഷൻ പെപ്പർ ഫ്രൈ, ആമസോൺ, മീഷോ, ഫ്ലിപ്പ്കാർട്ട് എന്നീ ഓൺ-ലൈൻ പ്ലാറ്റ്ഫോമുകളിലൂടെ പരമ്പരാഗത കയറുല്പന്നങ്ങൾ വിപണനം നടത്തി വരുന്നുണ്ട്. കൂടാതെ കേന്ദ്ര ഗവണ്മെന്റിന്റെ ഓൺ-ലൈൻ വിപണന പ്ലാറ്റ്ഫോമായ GEM പോർട്ടൽ വഴി വിപണനം നടത്തുന്നതിനുള്ള നടപടികളും കേരള സർക്കാരിന്റെ ഇ-ടെൻഡർ വഴിയും വിപണനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ലോകത്തിലെ വാണിജ്യ ഭീമനായ വാൾമാർട്ടിന്റെ ഓൺ-ലൈൻ പോർട്ടലുകളിലും ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനുള്ള ധാരണയായിട്ടുണ്ട്. |
| (സി) | കയർ മേഖലയിൽ നടപ്പാക്കി വരുന്ന വൈവിധ്യവൽക്കരണ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഉണ്ട്. ഉല്പന്ന വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ ഭോപ്പാലിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി ചർച്ച നടത്തുകയും ടി സ്ഥാപനത്തിന്റെ ഡയറക്ടർ ഫാക്ടറി സന്ദർശിക്കുകയും ധാരണാപത്രം ഒപ്പ് വെയ്ക്കുകയും ചെയ്തു. ആദ്യഘട്ടമെന്ന നിലയിൽ 4 മാസക്കാലാവധിയിൽ രണ്ട് ഇന്റേൺസിനെ കമ്പനിയിൽ നിയമിച്ച് പ്രവർത്തിച്ചു വരുന്നു. ഇത് കൂടുതൽ ആകർഷകമായതും വിദേശ വിപണിക്കനുസൃതമായതുമായ ഡിസൈനുകളിലുള്ള കയറുല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സഹായകരമാവുന്നതുമാണ്. കൂടാതെ കമ്പനിയുടെ വിവിധ യൂണിറ്റുകളിൽ ആധുനിക യന്ത്രങ്ങൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുകയും ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യും വരുന്നു. മാർക്കറ്റ് ഡിമാന്റുള്ള മറ്റ് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം സർക്കാർ അംഗീകാരത്തോടുകൂടി കയർ കോർപ്പറേഷൻ തുടങ്ങുകയും ഇതിന്റെ ആദ്യ രണ്ട് ബാച്ച് പരിശീലനം പൂർത്തീകരിക്കുകയും മൂന്നാമത്തെ ബാച്ചിന്റെ പരിശീലനം നടന്നു വരുകയുമാണ്. പ്രസ്തുത പരിശീലന പരിപാടി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാർക്കറ്റ് ഡിമാന്റുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഉപകരണങ്ങളും തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന രീതിയിലുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ